## അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെറിറ്റ് പ്രവേശനം

മി. സ്പീക്കർ: എപ്പോഴും പറയുന്ന കാര്യം വീണ്ടും ആവർത്തിക്കേണ്ടി വന്നിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയോടല്ലാതെ ഞങ്ങൾ ആരോടു പറയും. ഈ നിയമസഭയിൽ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറഞ്ഞ കാര്യങ്ങളെല്ലാം കാറ്റിൽ പറത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ വീണ്ടും അങ്ങയെ സമീപിക്കേണ്ടിവന്നത്.

മി. സ്പീക്കർ: ഞാൻ ഇത് അനുവദിക്കുന്നു. അതിന് മുഖ്യമന്ത്രിയടക്കമുള്ളവർ തയ്യാറാണ്. ഞാൻ അത് നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്നെന്നു മാത്രമേയുള്ളൂ. ശ്രീ. റ്റി. വി. രാജേഷിന്റെ പേരിന്റെ സ്ഥാനത്ത് ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ പേര് വന്നു എന്ന വ്യത്യാസം മാത്രമേയുള്ളു. താഴോട്ടുള്ള നമ്പറും എമൗണ്ടുമെല്ലാം ഒന്നുതന്നെയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾ പറയാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഇതൊക്കെയാണെങ്കിലും അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള അനുവാദം നൽകുന്നു.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകളുമായി ചർച്ച നടത്തുവാനോ കരാറിൽ ഒപ്പുവയ്ക്കാനോ സർക്കാർ തയ്യാറാകാത്തതിനാൽ ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടി പൂർത്തിയായിട്ടും 12 സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 675 മെറിറ്റ് സീറ്റുകളിലേക്കുള്ള വിദ്യാർത്ഥികളുടെ

പ്രവേശനം അനിശ്ചിതത്വത്തിലായിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യ ണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗ ങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഇതേ വിഷയം തന്നെ കഴിഞ്ഞ ആഴ്ചയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കപ്പെട്ടിരുന്നു. കാര്യങ്ങൾ അന്ന് വിശദീകരിച്ചതുമാണ്. സ്വാശ്രയ കോളേജുകളിലെ 50% ഗവൺമെന്റ് മെറിറ്റ് സീറ്റ് നഷ്ടപ്പെടുന്ന കാര്യത്തെക്കുറിച്ചാണ് അന്ന് സൂചിപ്പിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി തവണ ഗവൺമെന്റ് ചർച്ചകൾ നടത്തി. ഇപ്പോഴും ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. 50% സീറ്റ് നഷ്ടപ്പെടുന്ന പ്രശ്നമില്ല. മാനേജുമെന്റുകൾക്ക് അവരുടേതായിട്ടുള്ള 50% സീറ്റിനു വേണ്ടിയുള്ള ടെസ്റ്റ് നടത്തുന്നതിനുള്ള സാഹചര്യമുണ്ടാകണമെന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുകയാണ്. സുപ്രീംകോടതിയുടെ ഡയറക്ഷനുള്ളതുകൊണ്ട് സർക്കാരിന് ഇതുസംബന്ധിച്ച് നേരിട്ട് ഇടപെടാൻ കഴിയാത്ത ചില സാഹചര്യങ്ങളുണ്ട്. സുപ്രീംകോടതിയുടെ ഡയറക്ഷൻ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളുമായി ഗവൺമെന്റ് ചർച്ച ചെയ്ത് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് നിരന്തരമായിട്ടുള്ള ആലോചനകൾ ഔപചാരികമായി നടത്തിക്കൊണ്ടിരിക്കു

കയാണ്. ഈ പ്രശ്നത്തിൽ യാതൊരുവിധ ബുദ്ധിമുട്ടുമുണ്ടാകില്ല. അവർക്ക് അഡ്മിഷൻ നൽകില്ലെന്ന് പറഞ്ഞിട്ടില്ല. ഗവൺമെന്റിന് നൽകാനുള്ള 50% സീറ്റുകൾ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. സ്വാശ്രയ മാനേജുമെന്റുകളുമായി ബന്ധപ്പെട്ട വാർത്ത ഇന്നലെ പത്രത്തിൽ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് യാതൊരുവിധ ഉത്കണ്ഠയുടേയും ആവശ്യമില്ല. ഗവൺമെന്റിനുള്ള സീറ്റുകൾ ലഭ്യമാവുകതന്നെ ചെയ്യും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഈ സഭയിൽ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടില്ല എന്നതുകൊണ്ടാണ് ഇത്തരമൊരു അടിയന്തരപ്രമേയം വീണ്ടും ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിദ്യാഭ്യാസ പ്രശ്നമാണിത്. ഇത് പരിഹരിക്കാൻ അടിയന്തരമായി ഗവൺമെന്റ് നടപടിയെടുക്കുന്നതിനുപകരം സ്വാശ്രയ മാനേജുമെന്റുകൾക്ക് തോന്നിയ മാതിരി കാണിക്കാൻവേണ്ടി ഗവൺമെന്റ് മൗനാനുവാദം കൊടുത്തിരിക്കുന്നതിനാലാണ് വീണ്ടും ഇത്തരമൊരു അടിയന്തരപ്രമേയവുമായി സഭയുടെ മുമ്പിൽ ഞങ്ങൾക്ക് വരേണ്ടിവന്നത്. 675 സീറ്റുകളിൽ മെറിറ്റിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് ഓപ്ഷൻ കൊടുക്കാൻ പറ്റാതെ വന്നിരിക്കുകയാണ്. 12 മെഡിക്കൽ കോളേജുകൾ അവർക്ക് തോന്നിയതുപോലെ പ്രവേശനം നടത്തുമെന്നാണ് പറയുന്നത്. അവർ പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കണ്ണൂർ മെഡിക്കൽ കോളേജും പാലക്കാടുള്ള കരുണ മെഡിക്കൽ കോളേജും തോന്നിയതുപോലെ പ്രവേശനം നടത്തിയിട്ട് ഗവൺമെന്റ് എന്തുചെയ്തു? ഈ ഗവൺമെന്റ് നോക്കുകുത്തിയായി നിന്നുകൊണ്ട് അവർക്ക് എല്ലാ സഹായവും ചെയ്ത

തിന്റെ ഫലമായി ബാക്കി മെഡിക്കൽ കോളേജുകൾ അവർക്ക് ചെയ്യാമെങ്കിൽ ഞങ്ങളും ചെയ്യുമെന്ന ധിക്കാരത്തോടുകൂടി ഇപ്പോൾ രംഗത്ത് വരികയും അവർക്ക് തോന്നിയതുപോലെ ഈ സീറ്റുകളിൽ പ്രവേശനം നടത്തുകയും ചെയ്തിരിക്കുന്നു. സെപ്റ്റംബർ 30 വരെ സമയമുണ്ടെന്നാണ് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സെപ്റ്റംബർ 30 എന്നുപറയു ന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ കൊടുത്തിട്ടുള്ള പരമാവധി സമയമാണ്. ആ സമയത്തിനുള്ളിൽ അഡ്മിഷൻ തീരണ്ടേ? അഡ്മിഷൻ തീർന്നിട്ടില്ലെന്നുമാത്രമല്ല 475 സീറ്റുകളോളം അവർ പ്രവേശനവും നടത്തി. ആ പ്രവേശനം നടത്തിയിടത്ത് വീണ്ടും ഗവൺമെന്റ് മെറിറ്റ് സീറ്റിൽ പ്രവേശനം നടത്തിയവരുടെ ഓപ്ഷൻ കൊടുത്തിട്ട് എങ്ങനെ അവർക്ക് പ്രവേശനം കൊടുക്കും? ഗവൺമെന്റിന് ഇതിനകത്ത് എന്ത് പദ്ധതി യാണുള്ളത്? കഴിഞ്ഞ പ്രാവശ്യം 30 കോടിരൂപ മുതൽ 50 കോടിരൂപവരെ യാണ് മെറിറ്റ് സീറ്റിൽ പ്രവേശനം കിട്ടിയവരുടെ കയ്യിൽനിന്നും ഫീസ് വാങ്ങിയത്. ഇപ്രാവശ്യം അത് 500 കോടിരൂപ മുതൽ 700 കോടിരൂപവരെ യാകുമെന്നാണ് കണക്കാക്കുന്നത്. അങ്ങനെ 500 മുതൽ 700 കോടി രൂപ വരെ പണമുണ്ടാക്കാൻ, ഈ നാട്ടിലെ മിടുക്കൻമാരും മിടുക്കികളുമായ സാധാരണക്കാരായ കുട്ടികളെയും അവരുടെ രക്ഷിതാക്കളേയും കൊള്ളയടി ക്കാൻ ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ വീണ്ടും ഈ അടിയന്തരപ്രമേയവുമായി വന്നത്. കഴിഞ്ഞ വർഷം കരുണ മെഡിക്കൽ കോളേജും കണ്ണൂർ മെഡിക്കൽ കോളേജും അഡ്മിഷൻ നടത്തി യതിന് ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്തോ? അതേ മനോഭാവ

ത്തോടെതന്നെ ഗവണ്‍മെന്‍റ് ഇപ്പോഴും നില്‍ക്കുകയാണ്. ആര്‍ക്കെങ്കിലും ഇങ്ങനെ ചെയ്യാന്‍ അനുവാദം കൊടുത്തിട്ടുണ്ടോ? ഈ നാട്ടില്‍ ഏത് കാര്യം ചെയ്യുന്നവര്‍ക്കും നിയമപരമായും സാമൂഹ്യപരവുമായ നിയന്ത്രണം ബാധകമല്ലേ?

സ്വകാര്യ ബസുകള്‍ക്ക് തോന്നിയതുപോലെ ചാര്‍ജ് ഈടാക്കാന്‍ സാധിക്കുന്നുണ്ടോ; ഒരു പാവപ്പെട്ട ഓട്ടോറിക്ഷാക്കാരന് തോന്നിയതുപോലെ ചാര്‍ജ് ഈടാക്കാന്‍ സാധിക്കുമോ; പത്തുരൂപാ കൂടുതല്‍ വാങ്ങി എന്ന് പറഞ്ഞാല്‍ അവനെ പോലീസ് സ്റ്റേഷനില്‍ പിടിച്ചു നിര്‍ത്തില്ലേ; ഹോട്ടലുകള്‍ക്ക് തോന്നിയതുപോലെ ചാര്‍ജ് ഈടാക്കാന്‍ സാധിക്കുമോ; ഞങ്ങള്‍ തുടങ്ങിയ സ്ഥാപനം ഞങ്ങള്‍ ഇഷ്ടംപോലെ ചെയ്യുമെന്ന ധിക്കാരത്തില്‍ ഇവിടെ ഇവര്‍ക്കുമാത്രം എങ്ങനെയാണ് ഈ ഫീസ് ഈടാക്കാന്‍ സാധിക്കുന്നത്; എങ്ങനെയാണ് ഗവണ്‍മെന്‍റ് അതിന് കൂട്ടുനില്‍ക്കുന്നത്; ഇതിന്‍റെ പിന്നില്‍ അഴിമതിയുണ്ടെന്ന് ഞങ്ങള്‍ സംശയിച്ചാല്‍ അതിനെ കുറ്റം പറയാന്‍ സാധിക്കുമോ? ക്രിസ്ത്യന്‍ മെഡിക്കല്‍ കോളേജുകളുമായി ഗവണ്‍മെന്‍റ് ഒത്തുതീര്‍പ്പ് ഉണ്ടാക്കിയെന്നാണ് പറയുന്നത്.  അവര്‍ പറഞ്ഞത് ഗവണ്‍മെന്‍റ് അംഗീകരിച്ചു,  അത് ഒത്തുതീര്‍പ്പായി പറഞ്ഞു. എങ്ങനെയാണ് ഒത്തുതീര്‍പ്പ്,  മാനേജുമെന്‍റ് സീറ്റിലും മെറിറ്റ് സീറ്റിലും ഒരേ ഫീസ്. അതാണ് ഗവണ്‍മെന്‍റ് ഉണ്ടാക്കിയ ഒത്തുതീര്‍പ്പ്. മാനേജുമെന്‍റ് സീറ്റിലും മെറിറ്റ് സീറ്റിലും ഒരേ ഫീസ് ഈടാക്കാന്‍ ക്രിസ്ത്യന്‍ മാനേജുമെന്‍റുകള്‍ക്ക് അനുമതി കൊടുത്തു. കരുണ, കണ്ണൂര്‍ മെഡിക്കല്‍ കോളേജുകള്‍ക്ക് കഴിഞ്ഞ വര്‍ഷം തോന്നിയതുപോലെ പ്രവേശനം നടത്താന്‍ അനുമതി

കൊടുത്തു. ഈ വർഷം അവശേഷിക്കുന്ന പത്ത് മെഡിക്കൽ കോളേജു കൾക്കും അവർക്ക് ഇഷ്ടംപോലെ പൈസാ വാങ്ങി ഗവൺമെന്റിന് അവകാശപ്പെട്ട മെറിറ്റ് സീറ്റിൽ പ്രവേശനം കൊടുക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കാൻ യോഗ്യത നേടിയ കുട്ടികൾ പുറത്തുപോയി അഡ്മിഷൻ നേടുന്നു. പലരും ചേർന്നു കൊണ്ടിരിക്കുകയാണ്. അങ്ങനെ ചേരുന്ന കുട്ടികൾക്ക് ഗവൺമെന്റ് പറയുന്ന തുപോലെ ഇവിടെ വീണ്ടും അഡ്മിഷൻ കിട്ടിയാൽ ഈ കുട്ടികൾ അവിടെ അടച്ച ഫീസ് തിരിച്ചു കിട്ടുമോ? അവർക്ക് ഇനി അവിടെ നിന്നും തിരിച്ചു വരണമെങ്കിൽ ഈ മുഴുവൻ സമയത്തെയും ഫീസ് ഈടാക്കി കൊണ്ടു മാത്രമേ കഴുത്തറുപ്പന്മാർ അവരുടെ സർട്ടിഫിക്കറ്റുകൾ തിരിച്ച് നൽകുക യുള്ളൂ. ജെയിംസ് കമ്മിറ്റി എന്താണ് ചെയ്യുന്നത്? ജെയിംസ് കമ്മിറ്റിയെ നോക്കുകുത്തിയായി നിർത്തിയിരിക്കുകയാണ്. ജെയിംസ് കമ്മിറ്റിയെ സ്വകാര്യമാനേജുമെന്റുകൾ ഭരിക്കുകയാണ്. ആ സ്ഥിതിവിശേഷം ഉണ്ടാക്കി യത് ഗവൺമെന്റല്ലേ; ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്തോ? ഗവൺമെന്റിന്റെ പിന്തുണയുള്ളതുകൊണ്ടാണ് ജെയിംസ് കമ്മിറ്റിക്ക് അധികാരം കിട്ടുന്നത്. ആ പിന്തുണ ജെയിംസ് കമ്മിറ്റിക്കും ഗവൺമെന്റ് കൊടുക്കുന്നില്ല. അപ്പോൾ ഇവരെ നിയന്ത്രിക്കാൻ ആരുമില്ല. ആരാണ് ഇവരെ നിയന്ത്രിക്കുന്നത്? അവർ അവർക്കു തോന്നിയതുപോലെ.... ഈ നാട്ടിൽ അങ്ങനെ ആരെയെങ്കിലും നമ്മൾ അനുവദിച്ചിട്ടുണ്ടോ? ഇത്ര പ്രധാനപ്പെട്ട ഒരു മേഖലയിൽ ഇങ്ങനെ തോന്ന്യവാസം കാണിക്കാൻ ഗവൺമെന്റ് കൂട്ടുനിൽക്കാമോ? നോക്കുകൂലിയുടെ പേരിൽ പാവപ്പെട്ട ചുമട്ടുതൊഴിലാളികളെ അറസ്റ്റ് ചെയ്ത് കേസെടുക്കുന്നില്ലേ? ഇവിടെ

ഇവർക്ക് ഇത്തരത്തിലുള്ള എല്ലാ കൊള്ളയും നടത്താൻ ഈ ഗവൺമെന്റാണ് അനുമതി നൽകിയിരിക്കുന്നുവെന്നതാണ് ഏറ്റവും ഖേദകരമായ വസ്തുത. മഞ്ചേരി മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകാരം നിഷേധിച്ചു. അവിടെ പ്രവേശനം നടത്തരുതെന്ന് പറഞ്ഞതിനുശേഷവും പ്രവേശനം നടത്തുകയാണ്. മെറിറ്റിൽ വന്ന കുട്ടികൾക്ക് ഓപ്ഷൻ കൊടുക്കാനുള്ള ഒരു കോളേജാണത്. അവിടെ ഇവർ എങ്ങനെ ക്ലാസ് നടത്തും? ഇടതുപക്ഷ ഗവൺമെന്റ് തുടങ്ങിയ വുമൻ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റലിന് മെഡിക്കൽ കോളേജ് എന്ന ബോർഡ് തൂക്കി. കുട്ടികളുടേയും വനിതകളുടേയും ആശുപത്രിയില്ല, മെഡിക്കൽ കോളേജും ഇല്ല. അവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾ എങ്ങനെ പഠിക്കണമെന്ന് ആർക്കും നിശ്ചയവുമില്ല. ഇത്തരമൊരു അനിശ്ചിതാവസ്ഥ കേരളത്തിലെ സുപ്രധാനമായ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റിന് അനുവദിക്കാമായിരുന്നോ?. മെറിറ്റിൽ പ്രവേശനം ലഭിച്ച് അഡ്മിഷനുവേണ്ടി കാത്തിരിക്കുന്ന കുട്ടികളോട് ആര് ഉത്തരം പറയും? മെറിറ്റ്കാർക്കുമാത്രം അരക്ഷിതത്വം. അത് എവിടത്തെ ന്യായമാണ്?. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾ, ബാക്കി ആനുകൂല്യങ്ങൾ ലഭിക്കുന്ന കുട്ടികൾക്കൊക്കെ പ്രവേശനം ആര് കൊടുക്കും?. ഗവൺമെന്റ് നടത്തിയ പ്രവേശന പരീക്ഷയിൽ മാർക്ക് കുറവുള്ള ഏറ്റവും താഴെയുള്ള ഒരു തരത്തിലും മെറിറ്റിൽ പ്രവേശനം ലഭിക്കാൻ അർഹതയില്ലാത്ത കുട്ടികൾക്ക് നിർബാധം പ്രവേശനം ലഭിക്കുന്നു. പണം കൊടുത്ത് അഡ്മിഷൻ നേടുന്നു. മെറിറ്റിൽ അഡ്മിഷൻ ലഭിക്കേണ്ട കുട്ടികൾ നിസ്സഹായരായി നോക്കി നിൽക്കുന്നു. അല്ലെങ്കിൽ പണം കൊടുക്കാൻകഴിവുള്ള അച്ഛനമ്മമാർ ഉള്ളവർ പുറത്തുപോയി അഡ്മിഷൻ നേടുന്നു. ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, സെപ്തംബർ

30 ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അനുവദിച്ച പരമാവധി സമയമാണ്. ഈ ഗവൺമെന്റ് ആരോട് ചർച്ച നടത്തി; എവിടെ വച്ച് ചർച്ച നടത്തി; എങ്ങനെ ചർച്ച നടത്തി; ആര് ചർച്ച നടത്തി; ഇതിനെക്കുറിച്ചെന്നും ഈ കേരളത്തിലെ ജനങ്ങൾക്ക് ഒരു അറിവുമില്ല. ഞങ്ങൾ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ് മന്ത്രി ഇവിടെ വന്നു പറയുന്നത്. എന്ത് രഹസ്യചർച്ചയാണ് നടത്തുന്നത്;. അടച്ചിട്ട മുറിയിൽ ചർച്ച നടത്തുകയാണോ; എന്ത് ചർച്ച; ഏത് ഒത്തുതീർപ്പ്; എങ്ങനെ ഒത്തുതീർപ്പ്; എന്ത് ധാരണ ഇതെല്ലാം ഈ സഭയിൽ പറയാൻ മന്ത്രി തയ്യാറാകണ്ടേ? ഇത്തരം ഒരു അനിശ്ചിതാവസ്ഥ ഈ കേരളത്തിന് ഭൂഷണമല്ല ഇത് ഈ സഭ നിർത്തി വച്ച് അടിയന്തരമായി ചർച്ച നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കഴിഞ്ഞ ചർച്ചയിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടിയത്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ സ്വാശ്രയ മാനേജുമെന്റുകളിലെ അൻപത് ശതമാനം മെറിറ്റു സീറ്റുകൾ സർക്കാരിന് നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകില്ല. വളരെ വ്യക്തതയോടുകൂടി ഞാൻ ഇക്കാര്യം പറയുകയാണ്. ഞാൻ പറയട്ടെ.......... (ബഹളം).............

മി. സ്പീക്കർ: മന്ത്രി മറുപടി പറയട്ടെ പ്ലീസ്..... പ്ലീസ്...

ശ്രീ. വി. എസ്. ശിവകുമാർ: സർ, സ്വാശ്രയ മാനേജുമെന്റുകളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ സുപ്രീം കോടതിയുടെ വ്യക്തമായ ചില നിർദ്ദേശങ്ങളുണ്ട്. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സമയം

സ്വാശ്രയ മാനേജുമെന്റ് കോളേജുകൾ ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞു, സ്വാശ്രയമാനേജുമെന്റുകളുടെ മാനേജുമെന്റ് ക്വാട്ടയിൽ വരുന്ന മുപ്പത്തിയഞ്ച് സീറ്റുകൾക്ക് എപ്രകാരം അഡ്മിഷൻ നടത്താം എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. അവരാരും ഇതിനകത്ത് സീറ്റ് നൽകില്ല എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. അൻപത് ശതമാനം സീറ്റ് അവർ നൽകാം എന്ന് പറഞ്ഞിട്ടുണ്ട്. ഇതിന് പ്രധാനപ്പെട്ട ഒരു കാരണം, സ്വാശ്രയമാനേജുമെന്റുകൾ മെയ് 31-നകം എക്സാമിനേഷൻ നടത്തണം. ജൂൺ 5-ന് റിസൾട്ട് പബ്ലിഷ് ചെയ്യണം. അതിനുശേഷം അവരുടെ ക്വാട്ടയിൽ അഡ്മിഷൻ നടത്തണമെന്ന് സുപ്രീം കോടതി പറഞ്ഞു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇൻസ്പെ ക്ഷൻ നടത്തി ഓരോ വർഷവും അവർക്ക് വേണ്ടുന്ന എൽ.ഒ.പി ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൊടുക്കണം. പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എന്തോ കാരണത്താൽ ഈ വർഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല. അത് ഗവൺമെന്റിന്റെ കുഴപ്പമല്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തി എൽ.ഒ.പി കൊടുത്താൽ മാത്രമേ അവരുടെ സീറ്റുകൾക്കുവേണ്ടി സ്വാശ്രയ മാനേജുമെന്റുകൾക്ക് എക്സാമിനേഷൻ നടത്താൻ സാധിക്കൂ. കഴിഞ്ഞ പ്രാവശ്യം ഈ അടിയന്തര പ്രമേയം വന്നപ്പോൾ ഞാൻ പറഞ്ഞു, ഇങ്ങനെയവർ ആവശ്യപ്പെട്ടിരിക്കുക യാണ്. അതിനുശേഷം അവർ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു. 15-ാം തീയതി കേസ് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ഗവൺമെന്റിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്കും, ജെയിംസ് കമ്മിറ്റിക്കും പരീക്ഷ നടത്തുന്നതിനുവേണ്ടിയുള്ള അവസരത്തിന് നോട്ടീസ് അയച്ചിട്ടുണ്ട്.

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാതെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിന് എങ്ങനെ അഡ്മിഷൻ നടത്താൻ സാധിക്കും?. ചില സ്വാശ്രയ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പരിശോധനകൾ നടത്തി ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് റെക്റ്റിഫൈ ചെയ്യണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ റെക്ടിഫിക്കേഷനുവേണ്ടി നടപടികളെല്ലാം എടുത്ത് അവർ കൊടുത്തിരിക്കുന്നുവെന്നാണ് പറഞ്ഞത്. മാനേജുമെന്റ് ചർച്ച നടത്തിയപ്പോൾ അവർ പറഞ്ഞ കാര്യങ്ങളാണ്. നാളെ, 8-ാം തീയതി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മീറ്റിംഗ് വച്ചിട്ടുണ്ട്. അത് കഴിഞ്ഞാൽ മാത്രമേ ചില സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. അംഗീകാരം ലഭ്യമല്ലാതെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിന് എങ്ങനെ അഡ്മിഷൻ നടത്താൻ സാധിക്കും? ഇത് ഗവൺമെന്റന്റെ കുഴപ്പമാണോ? ഗവൺമെന്റിന്റെ കുഴപ്പമല്ല. ഗവൺമെന്റ് എത്രയോ പ്രാവശ്യം ചർച്ച ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുപോലെയാണ് സ്ഥിതിയെങ്കിൽ ഇത് വളരെ ഗൗരവതരമായ കാര്യമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരംപോലും ലഭിക്കാതെ എങ്ങനെയാണ് ഈ കോളേജുകൾ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്നത്?. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാതെ അൻപത് ശതമാനം മാനേജുമെന്റ് സീറ്റുകളിൽ പ്രവേശനം കഴിഞ്ഞല്ലോ; ബാക്കി അൻപതുശതമാനം ഗവൺമെന്റ് സീറ്റിലേക്ക് ചർച്ച ചെയ്തെടുക്കും എന്നാണല്ലോ നിങ്ങൾ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ സ്വാശ്രയ കോളേജുകൾക്ക് മാനേജുമെന്റ് സീറ്റിലേ

യ്ക്കുപോലും പ്രവേശനം കൊടുക്കാൻ സാധിക്കുകയില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാതെ ഈ പന്ത്രണ്ട് കോളേജുകൾ മാനേജുമെന്റ് സീറ്റുകളിൽ പ്രവേശനം നടത്തിയ സന്ദർഭ ത്തിൽ എന്തുകൊണ്ട് ഗവൺമെന്റ് ഇടപെട്ടില്ല; ഗവൺമെന്റ് അവർക്ക് കൂട്ടു നിൽക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ?. അതിന്റെ ഫലമായാണ് ഈ അരാജകത്വം ഇവിടെ ഉണ്ടായത്. 676 സീറ്റ് നഷ്ടപ്പെട്ടു, 67 എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് കിട്ടേണ്ട സൗകര്യം നഷ്ടമായില്ലേ; ഇത് ആരോട് പറയും;. 676 സീറ്റിൽ പ്രവേശനം കിട്ടി കഴിഞ്ഞാൽ മന്ത്രിയും മുഖ്യമന്ത്രിയും വിചാരിച്ചാൽ പ്രവേശനം ലഭിച്ചവരെ ഒഴിവാക്കാൻ സാധിക്കുമോ; എന്താണ് ഇവിടെ നടക്കുന്നത്?

ഈ കോളേജുകളിൽ അഡ്മിഷൻ നടത്തിയിട്ടില്ല. അതിനുവേണ്ടുന്ന നടപടികളുമായി മുന്നോട്ടുപോകുന്നു. സുപ്രീംകോടതിയുടെ ഡയറക്ഷൻ ഉള്ള സാഹചര്യത്തിലും ഗവൺമെന്റ് ഇവരുമായി ചർച്ച നടത്തിക്കൊണ്ടിരി ക്കുന്നു. 15–ാം തീയതി കോടതിയിൽ കേസ്സ് വച്ചിട്ടുണ്ട്. അതിനു മുൻപേ, 8–ാം തീയതി മെഡിക്കൽ കൗൺസിലിന്റെ യോഗം കൂടും. അതിൽ അവർക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ അഡ്മിഷൻ നടത്താൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിന്റെ അടിയന്തര പ്രാധാന്യം മനസ്സിലാക്കി, ഗവൺമെന്റ് നിരന്ത രമായ ചർച്ചകൾ നടത്തിയതിന്റെ ഫലമായി മിനിഞ്ഞാന്ന് കാരക്കോണം സി. എസ്.ഐ. മെഡിക്കൽ കോളേജ് കാരാറിൽ ഒപ്പുവച്ചു. ഓരോ കോളേജു കളും കരാറിൽ ഒപ്പുവയ്ക്കുകയാണ്. കാരക്കോണം മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം 4 ലക്ഷം രൂപയായിരുന്ന ഫീസ്, ഈ വർഷം ഗവൺമെന്റ്

നിശ്ചയിച്ച മെരിറ്റിൽ അവർ അഡ്മിഷൻ നടത്താൻ കരാർ ഒപ്പുവച്ചു. കാരക്കോണം മെഡിക്കൽ കോളേജ് 4 ലക്ഷരൂപയാണ് ചോദിച്ചത് അത് കൊടുക്കാൻ സമ്മതിച്ചിരുന്നുവെങ്കിൽ ഈ മാനേജുമെന്റുകളെല്ലാം വരും. അതിന് സംശയമൊന്നുമില്ല. അവർ 4 ലക്ഷം രൂപ ഫീസ് ചോദിച്ചപ്പോൾ 1.65 ലക്ഷം രൂപ ഗവൺമെന്റ് പറഞ്ഞു. തുച്ഛമായ തുക. 1.75 ലക്ഷം രൂപയ്ക്ക് കാരക്കോണം മെഡിക്കൽ കോളേജ് എഗ്രിമെന്റ് വച്ചു. ഓരോ കോളേജും ഒപ്പുവയ്ക്കാനായി വന്നുകൊണ്ടിരിക്കുകയാണ്. 9 കോളേജുകൾ ഈ എഗ്രിമെന്റിൽ ഒപ്പുവയ്ക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 15-ാം തീയതിയാണ് ഈ കേസ് കോടതിയിൽ എടുക്കുന്നത്. 10–ാം തീയതിക്ക് മുമ്പായി പരമാവധി കോളേജുകൾ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും. പുതിയതായി മൂന്ന് കോളേജുകൾക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ട്. എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നതിനായി അവരും 8–ാം തീയതി വരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ നടപടിക്രമങ്ങളിൽ യാതൊരുവിധ വീഴ്ചയുമില്ല. വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യത്തെ കാണുന്നത്. കാരക്കോണം മെഡിക്കൽകോളേജ് മിനിഞ്ഞാന്ന് എഗ്രിമെന്റിൽ ഒപ്പുവച്ചതിന്റെ രേഖകൾ ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത് 12 കോളേജുകളിലേയും മാനേജ്മെന്റ് സീറ്റിൽ ഒരാളെപ്പോലും പ്രവേശിപ്പിച്ചിട്ടില്ലെന്നാണ്. ഒരാളെയെങ്കിലും പ്രവേശിപ്പിച്ചുവെന്ന് ഞങ്ങൾ തെളിയിച്ചാൽ അങ്ങ് മന്ത്രി സ്ഥാനം രാജിവയ്ക്കാൻ തയ്യാറാണോ?

ശ്രീ. വി. എസ്. ശിവകുമാർ: ഇതുസംബന്ധിച്ച കാര്യങ്ങൾ ഞാൻ വ്യക്തമായി സഭയിൽ പറയാം. കാരക്കോണം മെഡിക്കൽ കോളേജ് രണ്ട് ദിവസത്തിനുമുമ്പ് കരാറിൽ ഒപ്പ് വച്ചു. എസ്.യു.റ്റി-യും ഗോകുലം മെഡിക്കൽ കോളേജും എസ്.എൻ. മെഡിക്കൽ കോളേജും മലബാർ മെഡിക്കൽ കോളേജും, അസീസിയ മെഡിക്കൽ കോളേജ് വയനാടും കരാറിൽ ഒപ്പുവയ്ക്കാൻ തയ്യാറായി വന്നിട്ടുണ്ട്. സുപ്രീംകോടതിയിൽ നിന്നും എം.ഇ.എസ് കോളേജ് ന്യൂനപക്ഷപദവി സമ്പാദിച്ചിട്ടുള്ളതുകൊണ്ട് 100 സീറ്റിലും അവർക്കുതന്നെ അഡ്മിഷൻ നടത്താം. കെ.എം.സി.റ്റി-യും കൊല്ലം മെഡിക്കൽ കോളേജുമാണ് ചർച്ചയ്ക്ക് വരാത്തത്. ചർച്ചയ്ക്ക് വരാത്ത ഏതെങ്കിലും കോളേജുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടിയെടുക്കും. അഫിലിയേഷൻ കൊടുക്കരുതെന്ന് യൂണിവേഴ്സിറ്റിയോട് പറയും. ഗവൺമെന്റ് ട്രെയിനിംഗിനായി പി.എച്ച്.സി. കളും സി.എച്ച്.സി. കളും അനുവദിച്ചിട്ടുണ്ട്. പോസ്മോർട്ടത്തിന് സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിനെല്ലാം കർശനമായ നടപടികളെടുക്കും. രണ്ട് കോളേജുകൾ മാത്രമാണ് ചർച്ചയ്ക്ക് വരാത്തത്. അവർ കേരളത്തിലെ യൂണിവേഴ്സിറ്റികളെ അറിയിച്ചാൽ മാത്രമേ ഗവൺമെന്റിന് അറിയാൻ കഴിയുകയുള്ളൂ. ബാക്കിയുള്ള 9 കോളേജുകൾ രണ്ട് ദിവസത്തിനകം എഗ്രിമെന്റ് ഒപ്പുവയ്ക്കും. ഇവർ ആവശ്യമില്ലാത്ത പ്രശ്നമുണ്ടാക്കുകയാണ്. ഇതിനായി ഒരുപ്രാവശ്യം അവതരിപ്പിച്ച അടിയന്തരപ്രമേയം തന്നെ വീണ്ടും അവതരിപ്പിക്കാൻ തയ്യാറായിരിക്കുകയാണ്. ഞാൻ അവരെ കുറ്റം പറയുന്നില്ല.........(ബഹളം)........എഗ്രിമെന്റുകൾ ഒപ്പുവയ്ക്കാത്ത കോളേജുകളിൽ തീർച്ചയായും 2006-ലെ 14(1) 14(2) പ്രകാരമുള്ള കർശനമായ നടപടികൾ സ്വീകരിക്കും. .........(ബഹളം).........

മി. സ്പീക്കർ: ........പ്ലീസ്........ ഞാനൊന്ന് പറയട്ടെ.......പ്ലീസ്........ ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടിയിലൂടെ ആവശ്യമില്ലാതെ പ്രതിപക്ഷത്തെ പ്രകോപിപ്പിക്കരുത്. മറ്റൊരുകാര്യം ഒരു അഡ്മിഷനും നടന്നിട്ടില്ലെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞു.

ശ്രീ. വി. എസ്. ശിവകുമാർ: അതാണ് ഞാൻ രണ്ടാമത് വിശദീകരിച്ചത്. എം.ഇ.എസ്. കോളേജിന് മൈനോരിറ്റി സ്റ്റാറ്റസ് സുപ്രീംകോടതി നൽകിയിട്ടുണ്ട്. അവർക്ക് അവരുടേതായ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതിന് ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. കെ.എം.സി.റ്റി. കോളേജും കൊല്ലം മെഡിക്കൽ കോളേജുമാണ് ഗവൺമെന്റുമായി ചർച്ചയ്ക്ക് തയ്യാറാകാത്തത്. യൂണിവേഴ്സിറ്റിയിൽ അഫിലിയേഷനുമായി ബന്ധപ്പെട്ട് വരുമ്പോൾ മാത്രമേ ഇത് ഗവൺമെന്റിന് അറിയാൻ കഴിയുകയുള്ളൂ. അവർ അത്തരത്തിൽ അഡ്മിഷൻ നടത്തിയാൽ അതിനെതിരെ ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു കോളേജിൽപ്പോലും മാനേജ്മെന്റ് ക്വാട്ടയിൽ ഒരു വിദ്യാർത്ഥിയേയും പ്രവേശിപ്പിച്ചിട്ടില്ല എന്ന് മന്ത്രി ഇവിടെ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഈ വസ്തുത ശരിയല്ല എന്നാണ് ഞങ്ങൾക്ക് കിട്ടിയ റിപ്പോർട്ട്. പല കോളേജുകളിലും മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനം നടന്നു. ആ പ്രസ്താവന ശരിയല്ലെന്ന് തെളിയിച്ചാൽ മന്ത്രി രാജിവയ്ക്കുമോ?

മി. സ്പീക്കർ: ഒരു പക്ഷേ മന്ത്രി പറഞ്ഞതിൽ തെറ്റുണ്ടെന്ന് വന്നാൽ എന്തെല്ലാം ചട്ടങ്ങൾ സഭയിലുണ്ട് .....പ്ലീസ് കൺക്ലൂഡ്......

ശ്രീ. വി. എസ്. ശിവകുമാർ: ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതാണ് ഞാൻ പറഞ്ഞത്. എം.ഇ.എസ്. പോലുള്ള കോളജുകളിൽ

അഡ്മിഷൻ നടന്നിട്ടുണ്ടോ എന്ന് പിന്നീടേ ഗവൺമെന്റിന് അറിയാൻ കഴിയുകയുള്ളൂ. ഗവൺമെന്റിന്റെ അറിവിൽ ഇതുവരെ അഡ്മിഷൻ നടന്നിട്ടില്ല. അഡ്മിഷൻ കൊടുക്കുന്നില്ലെന്നുള്ള സാഹചര്യം വരുകയാണെങ്കിൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കും. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു. ഗവൺമെന്റിന്റെ 50% സീറ്റ്, അതിനകത്ത് ആരും കയറികളിക്കാൻ ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമില്ല. ന്യൂനപക്ഷ പദവിയുടെ പേരിൽ എം.ഇ.എസ്.–ന് സുപ്രീംകോടതി വിധി കിട്ടിയിട്ടുണ്ട്. അത് നമ്മുടെ കഴിവിനപ്പുറത്താണെന്നുള്ളത് നിങ്ങൾക്കൊക്കെ അറിയാം. 50% ഗവൺമെന്റ് സീറ്റ് ഒരാൾക്കും വിട്ടുകൊടുക്കില്ല. ബാക്കി 50% –ത്തിൽ 15% എൻ.ആർ.ഐ. സീറ്റാണ്. ബാക്കിവരുന്ന 35% -ത്തിൽ കൂടുതൽ സ്വാതന്ത്ര്യവും അവകാശവും കിട്ടാൻവേണ്ടി മാനേജ്മെന്റ് നടത്തുന്ന ശ്രമങ്ങളാണിതെന്ന് നിങ്ങൾ മനസിലാക്കണം. ഈ പ്രാവശ്യത്തെ മാനേജ്മെന്റുമായിട്ടുള്ള ചർച്ച ഏറ്റവും ആദ്യം തുടങ്ങിയതാണ്. ഞാനും ആ ചർച്ചയിൽ പങ്കെടുത്തു. പക്ഷേ മാനേജ്മെന്റിന്റെ ഇഷ്ടത്തിന് വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറായില്ല. അവർക്ക് പരീക്ഷ നടത്തുന്ന കാര്യത്തിലും വിദ്യാർത്ഥിളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും കൂടുതൽ സ്വാതന്ത്ര്യം വേണം. ഈ ഗവൺമെന്റ് അക്കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറായിരുന്നുവെങ്കിൽ എത്രയോ മുമ്പ് തന്നെ എല്ലാവരും കരാറിൽ ഒപ്പുവയ്ക്കുമായിരുന്നു. എം.ഇ.എസ്. കോളേജിന്റെ കാര്യം മന്ത്രി ഇവിടെ പറഞ്ഞു. രണ്ട്

കോളേജുകളൊഴികെ ബാക്കിയെല്ലാ കോളേജുകളും ഒപ്പുവയ്ക്കാൻ തയ്യാറാ യിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർക്കാർ സീറ്റ് ഒന്നുപ്പോലും വിട്ടുകൊടുക്കില്ലെന്നും അതിൽ കൈകടത്താൻ ആരേയും സമ്മതിക്കില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഗവൺമെന്റിന് അർഹതപ്പെട്ട 676 സീറ്റുകളിലേയ്ക്ക് മെരിറ്റ് ലിസ്റ്റിൽ നിന്നും ആളെ അലോട്ട്മെന്റ് ചെയ്തുകൊടുക്കാത്തതെന്താണ്? അത് ഗവൺമെന്റല്ലേ ചെയ്യേണ്ടത്? 676 വിദ്യാർത്ഥികളെ സെലക്ട് ചെയ്ത് ബന്ധപ്പെട്ട കോളേജുകളിലേയ്ക്ക് അയയ്ക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. അതിൽ അനിശ്ചിതത്ത്വമാണ് മാനേജ്മെന്റ് മുതലെടുക്കുന്നത്. കഴിഞ്ഞവർഷം കരുണ മെഡിക്കൽ കോളേജും കണ്ണൂർ മെഡിക്കൽകോളേജും ഇങ്ങനെ ചെയ്തു. ആ രണ്ട് കോളേജുകളിലെയും മാനേജ്മെന്റുകൾ സർക്കാർ സീറ്റ് എടുത്തപ്പോൾ നമ്മുടെ സർക്കാരിന് എന്ത് ചെയ്യാൻ കഴിഞ്ഞു; അതുകൊണ്ടാണ് മറ്റ് കോളേജുകാർക്കും അതിനുള്ള ധൈര്യം കിട്ടിയത്.

ശ്രീ. ഉമ്മൻചാണ്ടി: ഈ രണ്ട് കോളേജുകളൊഴികെ ബാക്കി എല്ലാ കോളേജുകളും എഗ്രിമെന്റിൽ ഒപ്പുവയ്ക്കാൻ തയ്യാറായി. അവരുമായി എഗ്രിമെന്റ് വയ്ക്കും. എഗ്രിമെന്റ് വയ്ക്കാതെ 50% സീറ്റ് നിഷേധിച്ചുകൊണ്ടുപോകാനാണ് ഭാവമെങ്കിൽ ഗവൺമെന്റ് അതൊരിക്കലും അനുവദിക്കില്ല. അതിൽ സംശയം വേണ്ട. ഈ വർഷം ഇടുക്കിയിലും പാലക്കാടും മെഡിക്കൽ കോളേജുകൾ തുടങ്ങാനാണ് ഗവൺമെന്റിന്റെ തീരുമാനം. ഗവൺമെന്റ് കോളേജുകളിൽ വരുന്ന സീറ്റുകളിൽ മെരിറ്റ് ലിസ്റ്റിൽ വരുന്നവർക്ക് തന്നെ കിട്ടും. അത് ലഭ്യമാക്കാൻ ശ്രമിക്കുമെന്ന് ഞാൻ സഭയ്ക്കുറപ്പ് തരുന്നു.

ഇക്കാര്യത്തിൽ നമ്മുടെ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട്, നമ്മൾ പ്രഖ്യാപിച്ച നയങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ട് തന്നെ ഇപ്രാവശ്യത്തെ അഡ്മിഷൻ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സ്വാശ്രയ സ്വകാര്യ മെഡിക്കൽ കോളേജുകളുടെ കൊള്ള സംബന്ധിച്ച് ഈ സഭാ സമ്മേളനത്തിൽ തന്നെ മുൻപൊരിക്കൽ പ്രതിപക്ഷം ഉന്നയിച്ചതാണ്. മെറിറ്റ് സീറ്റിലേക്ക് ഒരു വിദ്യാർത്ഥിക്കുപോലും പ്രവേശനം ലഭിക്കാത്ത അവസ്ഥ ഉണ്ടാകില്ല എന്നായിരുന്നു അന്ന് സർക്കാർ സഭയിൽ നൽകിയ ഉറപ്പ്. എന്നിട്ടിപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത്? ഒന്നാംഘട്ട അലോട്ട്മെന്റ് പൂർത്തിയായിട്ടും 675 പേർക്ക് മെറിറ്റ് സീറ്റിലുള്ള പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. സർക്കാർ യഥാസമയം സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്താനോ കരാറിൽ ഒപ്പുവയ്ക്കാനോ തയ്യാറാകാത്തതുമൂലമാണ് ഈ ദു:സ്ഥിതി സംജാതമായിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന് ഒരു ആത്മാർത്ഥതയുമില്ലെന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്ക് ഏതുനിലയിലും വിദ്യാർത്ഥികളെ കൊള്ളയടിക്കാൻ അവസരമൊരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ടാണ് സർക്കാർ ഇതിൽ ആത്മാർത്ഥമായി ഇടപെടാത്തത്. 67

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇതുമൂലം അവസരം നിഷേധിച്ചിരിക്കുകയാണ്. ഈ സീറ്റുകളിൽ എല്ലാം ലക്ഷങ്ങൾ കോഴവാങ്ങി യാണ് പ്രവേശനം നൽകുന്നത്. സീറ്റൊന്നിന് 50 ലക്ഷം മുതൽ 75 ലക്ഷം വരെ കോഴവാങ്ങിയതായാണ് കേൾക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ 675 സീറ്റുകൾ കച്ചവടം ചെയ്യുകവഴി 380 കോടി രൂപയിലേറെയാണ് സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൊള്ളയടിക്കാൻ അവസരം കിട്ടിയിരിക്കുന്ന ത്. ഈ കോടികൾ സ്വാശ്രയ മാനേജ്മെന്റുകൾക്ക് ചുളുവിൽ കൈക്കലാ ക്കാൻ അവസരമൊരുക്കിയതിന് എന്ത് പാരിതോഷികമാണ് വേണ്ടപ്പെട്ട വർക്ക് ലഭിച്ചിട്ടുള്ളത്? ‘കമിഴ്ന്നുവീണാൽ കാൽ പണം’ എന്നതല്ലേ സർക്കാ രിന്റെ നയം. പാവപ്പെട്ട രക്ഷിതാക്കളെയും കുട്ടികളെയും കൊള്ളയടിക്കാൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൂട്ടുനിൽക്കുന്ന സർക്കാർ നടപടി അത്യന്തം അപലപനീയമാണ്. പ്രതിഷേധാർഹമാണ്. ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്ത് പരിഹാരം കാണാനുള്ള ആത്മാർത്ഥത പോലും സർക്കാരിനില്ല എന്ന് മനസ്സിലായി. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം പൂർണ്ണമായും കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. ഈ വിഷയം രണ്ടുതവണ അവതരിപ്പിക്കേണ്ടിവന്ന സാഹചര്യം അങ്ങേയ്ക്കു

തന്നെ അറിയാവുന്നതാണ്. മന്ത്രി പറഞ്ഞ മറുപടിയിൽ ഏറ്റവും അസംതൃപ്തനായ ആൾ ചെയറിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട സ്പീക്കർ അങ്ങുതന്നെയാണ്. അങ്ങേയ്ക്ക് പോലും ബോദ്ധ്യപ്പെട്ടിട്ടില്ല. അങ്ങുതന്നെ പറഞ്ഞു

<u>മി. സ്പീക്കർ</u>: ദയവുചെയ്ത് എന്നെ ക്വാട്ട് ചെയ്യണ്ട. പ്ലീസ്...പ്ലീസ്..

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, ഞാൻ അങ്ങയെ ക്വാട്ട് ചെയ്യുകയല്ല. 100 ശതമാനം സീറ്റുകളും മാനേജ്മെന്റ് തന്നെ വാങ്ങുന്നത് തെറ്റാണ് എന്ന് അങ്ങേയ്ക്ക് പറയേണ്ടിവന്നു. കഴിഞ്ഞ നിയമസഭയിൽ ശ്രീ. രാജേഷ് അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ അന്ന് പറഞ്ഞ മറുപടിയിൽ നിന്ന് വ്യത്യസ്തമായ മറുപടി പറയാനുണ്ടോ എന്ന് അങ്ങ് ചോദിച്ചു. പക്ഷേ സ്പീക്കർ പറഞ്ഞപ്പോഴും അന്ന് പറഞ്ഞ അതേ മറുപടി തന്നെയാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് 675 മെറിറ്റ് സീറ്റുകൾ നൽകുമെന്ന് ഗവൺമെന്റ് പരീക്ഷാ കൺട്രോളറുടെ പ്രോസ്പെക്റ്റസിൽ വ്യക്തമാക്കിയിരുന്നതാണ്. ഞാൻ മന്ത്രിയോട് ചോദിക്കുന്ന ഒരു ചോദ്യം നിങ്ങളുടെ പ്രോസ്പെക്റ്റസിൽ വ്യക്തമാക്കിയ 675 മെറിറ്റ് സീറ്റിൽ എന്തുകൊണ്ടാണ് അലോട്ട്മെന്റ് കൊടുക്കാത്തത്; രണ്ടാമത്തെ അലോട്ട്മെന്റ് കൊടുത്തിട്ടും നിങ്ങൾക്ക് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ പല വിദ്യാർത്ഥികളും കർണ്ണാടകയിൽ പോയി ചേർന്നിരിക്കുകയാണ്. കർണ്ണാടകയിൽ 3,75,000 രൂപ ഫീസ് കൊടുത്തുകൊണ്ട് മെറിറ്റ് സീറ്റിൽ ചേർന്നിരിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ഓപ്ഷൻ കാത്തിരിക്കുകയാണ്. അവർ ഇവിടേക്ക് വന്നാൽ അവിടത്തെ സീറ്റ് ഉപേക്ഷിക്കണമെങ്കിൽ 5 കൊല്ലത്തെ

ഫീസ് കൊടുക്കേണ്ടി വരില്ലേ? ഈ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലുമൊക്കെ സീറ്റ് ലഭിക്കാൻ വേണ്ടി എത്രയോ കാലം കഷ്ടപ്പെട്ട് പഠിച്ച വിദ്യാർത്ഥികളാണ്. ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ എന്തിനാണ് ഉപരിപഠനത്തിനുവേണ്ടി അന്യസംസ്ഥാനങ്ങളി ലേക്ക് പോകുന്നത് എന്നുപറഞ്ഞ് വിലപിക്കുകയുണ്ടായി. ഞാൻ അങ്ങ യോട് തിരിച്ചുചോദിക്കുകയാണ്, കേരളത്തിലെ ഈ വിദ്യാർത്ഥികളെ കർണ്ണാടക സ്വാശ്രയ കോളേജുകളിലേക്ക് അയച്ച് അലഞ്ഞുതിരിയാൻ വേണ്ടി അങ്ങ് വിട്ടുകൊടുത്തത് എന്തിനുവേണ്ടിയാണ്; അതിനുമറുപടി പറ യേണ്ടത് മുഖ്യമന്ത്രിയല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രീ അങ്ങ് ശ്രദ്ധിക്കണം. ഒരു ചർച്ച നടക്കുമ്പോൾ ഇവിടെ ഇങ്ങനെ സ്വകാര്യം പറയുകയാണെങ്കിൽ ഞങ്ങൾ ഇങ്ങനെ പറയേണ്ട കാര്യമില്ലല്ലോ; അടിയന്തര പ്രമേയം അവതരിപ്പി ച്ചാൽ ചർച്ചയ്ക്ക് അനുവദിക്കുന്നില്ല. ഞങ്ങൾ പറയുന്ന കാര്യങ്ങൾ അങ്ങ് കേൾക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.എൽ.എ. മാർ വന്നുപറഞ്ഞാൽ എനിക്ക് കേൾക്കേണ്ടിവരും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പറയുന്നത് അതല്ല. പ്രതി പക്ഷം കാര്യം അവതരിപ്പിക്കുന്നത് നിങ്ങൾ അംഗീകരിക്കുകയില്ലായിരിക്കാം. അങ്ങ് സ്വകാര്യം പറയുമ്പോൾ നമുക്ക് ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി അന്യസംസ്ഥാനങ്ങളിലേക്ക് കുട്ടികൾ പോകുന്നുവെന്ന് വിലപിച്ച പ്പോൾ ഞാൻ അങ്ങയോട് സൂചിപ്പിച്ചതാണ്. അങ്ങനെ ഒരവസരം ഉണ്ടാക്കി ക്കൊടുത്തിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു. സർക്കാരിന്റെ എഗ്രിമെന്റ് വയ്ക്കാത്ത

ഏതെങ്കിലും കോളേജുകളുണ്ടെങ്കിൽ അവരുടെ അഫിലിയേഷൻ റദ്ദാക്കാൻ യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുമെന്ന് പറയുകയുണ്ടായി. അതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. സംസ്ഥാന ഗവൺമെന്റിന് യൂണിവേഴ്സിറ്റിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഏതു സുപ്രീംകോടതി വിധിയുണ്ടെങ്കിലും അഫിലിയേഷൻ റദ്ദാക്കാൻ അധികാരമുണ്ട് എന്നുള്ളതാണ്. പക്ഷേ ഏതു യൂണിവേഴ്സിറ്റിയുടെ കാര്യമാണ് പറയുന്നത്; കഴിഞ്ഞ വർഷം കരുണാ മെഡിക്കൽ കോളേജിന് തോന്നിയതുപോലെ അഡ്മിഷൻ നടത്തിയിട്ടും നിങ്ങൾക്ക് വല്ലതും ചെയ്യാൻ പറ്റിയോ; കരുണാ മെഡിക്കൽ കോളേജിനെപ്പറ്റി ഞാൻ വീണ്ടും പറയുകയാണ്. കരുണാ മെഡിക്കൽ കോളേജിൽ കഴിഞ്ഞതവണ എം.ബി.ബി.എസ്. സീറ്റുമായി ബന്ധപ്പെട്ടുകൊണ്ട് അഫിലിയേഷൻ കൊടുക്കാൻ വേണ്ടി യൂണിവേഴ്സിറ്റി രണ്ട് ഡോക്ടർമാരെ നിയോഗിച്ചു. ഡോക്ടർ പുരുഷോത്തമനും ഡോക്ടർ കല്യാണിക്കുട്ടിയുമാണ്. ആ രണ്ട് ഡോക്ടർമാരും പോയി അഫിലിയേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചു. പരിശോധിച്ചിട്ട് പറഞ്ഞത് യാതൊരു വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുമില്ല, അദ്ധ്യാപകരില്ല, ആവശ്യത്തിന് പേഷ്യന്റ്സില്ല എന്നാണ്. ഒരു കാരണവശാലും ഈ കോളേജിന് എം.ബി.ബി.എസ്. അഫിലിയേഷൻ കൊടുക്കാൻ പാടില്ലായെന്ന് വ്യക്തമായ റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് കൊടുത്ത് ഒരാഴ്ചകഴിഞ്ഞ് ഡോക്ടർ പോൾ എന്നുപറയുന്ന ....., .രണ്ടുപേരെ വച്ച് വീണ്ടും ഒരന്വേഷണം നടത്തി. നേരത്തേ രണ്ട് ഡോക്ടർമാരും അഫിലിയേഷൻ കൊടുക്കാൻ പറ്റില്ലായെന്ന് പറഞ്ഞ കാരണങ്ങൾ മാറ്റി അവർക്കനുകൂലമായ റിപ്പോർട്ട് കൊടുത്തു. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ ഡോക്ടർമാർ പോയി പരിശോധിച്ചിട്ട് അഫിലിയേഷൻ കൊടുക്കാൻ പാടില്ലായെന്ന് പറഞ്ഞു. ഡോക്ടർ ശശി....... അവിടുത്തെ

ഡോക്ടറുടെ നേതൃത്വത്തിൽ രണ്ടുപേരെ വിട്ടു. അവർക്ക് അഫിലിയേഷൻ കൊടുക്കാൻ റിപ്പോർട്ട് കൊണ്ടുവന്നു. അഞ്ചരക്കണ്ടി കോളേജിൽ പി.ജി. കോഴ്സിന് അരവിന്ദാക്ഷൻ എന്നുപറയുന്ന ഡോക്ടറുടെ നേതൃത്വത്തിൽ പോയി അന്വേഷിച്ചു. ഒരുകാരണവശാലും അഫിലിയേഷൻ കൊടുക്കാൻ പാടില്ല എന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾ എന്തുചെയ്തു; യൂണിവേഴ്സിറ്റി വേറെ ഡോക്ടർമാരെ വിട്ടു അഫിലിയേഷൻ കൊടുക്കാനുള്ള റിപ്പോർട്ട് നൽകി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..യെസ്... ശ്രീ. വി.എസ്. സുനിൽ കുമാർ....പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഈ ആരോഗ്യസർവ്വകലാശാല ഇക്കാര്യങ്ങളിൽ കൊടുത്തിരിക്കുന്ന അഫിലിയേഷനുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഈ ഗവൺമെന്റ് വിശദമായി പരിശോധിക്കണം. ആ യൂണി വേഴ്സിറ്റിയെ വച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അഫിലിയേഷൻ റദ്ദാക്കും എന്ന്. അഫിലിയേഷൻ കൊടുക്കാൻ പാടില്ലാത്ത മെഡിക്കൽ കോളേജുകൾക്കുപോലും അഫിലിയേഷൻ കൊടുത്തുകൊണ്ടിരിക്കു കയാണ്. ബേസിക് ക്വാളിഫിക്കേഷൻ 50 ശതമാനം മാർക്കാണ്. കരുണാ മെഡിക്കൽ കോളേജിൽ എട്ട് കുട്ടികളെ 50 ശതമാനം സീറ്റുകളിൽ പ്രവേശി പ്പിച്ചില്ലേ; നിങ്ങൾ അന്വേഷിച്ചിട്ട് എവിടെ എത്തി; നിങ്ങൾ അന്വേഷിച്ച് അവർക്ക് അംഗീകാരം കൊടുത്തില്ലേ; ഇവിടെ സ്വാശ്രയ മാനേജ്മെന്റുകൾ തോന്ന്യാസം പോലെ സ്വന്തമായി ഒരു നിയമം ഉണ്ടാക്കിയിരിക്കുകയാണ്. അവർക്ക് നിയമങ്ങൾ ബാധകമല്ല, അവർക്ക് ചട്ടങ്ങൾ ബാധകമല്ല. അവർക്ക് ഒന്നും ബാധകമല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു സീറ്റിന് 70 ലക്ഷം

രൂപ മുതൽ ഒരു കോടിരൂപ വരെയുള്ള പാക്കേജുകളാണ്. 675 സീറ്റുകൾ എന്നുപറഞ്ഞാൽ 500 കോടിയിൽ ഏറെ രൂപയാണ്. നൂറുകണക്കിന് കോടികളുടെ അഴിമതിക്ക് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ കൂട്ടുനിൽക്കുകയാണ്. ആരോഗ്യസർവ്വകലാശാല കൂട്ടുനിൽക്കുകയാണ്. നൂറുകണക്കിന് കോടിരൂപ ഈ പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്ന് അടിച്ചുമാറ്റുമ്പോൾ അതിന് കുടപിടിച്ചുകൊടുക്കുന്ന പണിയാണ് ഇവിടെ ആരോഗ്യമന്ത്രിക്കും ആരോഗ്യസർവ്വകലാശാലയ്ക്കുമുള്ളത്. ആരോഗ്യസർവ്വകലാശാലയ്ക്കകത്ത് നടക്കുന്ന അടിമുടി അഴിമതി, സ്വാശ്രയ കോളേജുകളുടെ വിജയിപ്പിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അടിമുടി അഴിമതിയാണ്. ആ അഴിമതിയെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ....പ്ലീസ് കൺക്ലൂഡ്....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു കരാറുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞില്ല. അതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് മേഖലയിൽ മെറിറ്റ് എന്ന സീറ്റ്, സർക്കാരിന് അർഹതപ്പെട്ട സീറ്റുപോലും വാങ്ങാൻ കഴിയാതെ അവരുടെ മുമ്പിൽ ഓച്ഛാനിച്ചുനിൽക്കുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...യെസ്....പ്ലീസ് കൺക്ലൂഡ്....ശ്രീ. സുനിൽകുമാർ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതല്ല. ഇത് വാക്കൗട്ടിന് മുമ്പുള്ള പ്രസംഗമാണ്. ആറ് മിനിട്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതിന്റെ പേരിൽ വിഷമിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഞാൻ സംസാരിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി.എസ്. സുനിൽ കുമാർ....പ്ലീസ് കൺക്ലൂഡ്....ആറ് മിനിട്ടായി. ഇതിൽ കൂടുതൽ അനുവദിക്കാൻ പറ്റില്ല.....പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പ്രസംഗം നീണ്ടുപോയതിൽ വിഷമിച്ചിട്ട് കാര്യമില്ല. അങ്ങയുടെ മണ്ഡലത്തിലും ഇതുപോലെ ഒരുപാട് വിദ്യാർത്ഥികളുണ്ട്. അവരുടെ വികാരമാണ്. അപ്പുറത്തിരിക്കുന്ന യു.ഡി. എഫ്. എം.എൽ.എ. മാർക്ക് വേണ്ടിയാണ് പറയുന്നത്. ഈ സംസ്ഥാനത്തെ സ്വാശ്രയ മാനേജുമെന്റുകളെ കയറൂരിവിട്ടുകൊണ്ട് എന്തുതോന്ന്യാസവും ചെയ്യാൻവേണ്ടി ഒരു ചട്ടവും നിയമവും അവർക്ക് ബാധകമല്ല എന്ന സ്ഥിതി യിലേക്ക് എത്തിച്ച ഈ സർക്കാരിന്റെ നടപടി, അതൊന്ന് ചർച്ച ചെയ്യാൻപോലും തയ്യാറല്ല എന്ന നിലപാട് എടുത്തിരിക്കുന്ന സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. സുനിൽ കുമാറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, പ്രവേശന കാര്യത്തിലും ഫീസ് കാര്യ ത്തിലും സ്വാശ്രയ മാനേജുമെന്റുകളിന്മേൽ ഒരു സ്വാധീനം, സാമൂഹിക നിയ ന്ത്രണം ഉണ്ടാകണമെന്നാണ് നാമൊക്കെ ആഗ്രഹിക്കുന്നത്. കഴിഞ്ഞ വർഷം രണ്ട് കോളേജുകൾ യഥേഷ്ടം പ്രവേശനം നടത്തിയിട്ട് ഒരു നടപടിയും എടു ക്കാതിരുന്നതാണ് ഇത്തവണ തോന്നിയതുപോലെ പ്രവേശനം നടത്താൻ

മറ്റുള്ള മാനേജുമെന്റുകൾക്ക് ധൈര്യം വന്നത്. കഴിഞ്ഞ വർഷം രണ്ട് കോളേജ് ആയിരുന്നെങ്കിൽ ഇത്തവണ അത് 12 കോളേജായി നിൽക്കുകയാണ്. രണ്ട് കോളേജുകളിൽ ഗവൺമെന്റുമായി ഒത്തുതീർപ്പുണ്ടാക്കാതെ, ഒരു നിയന്ത്രണവുമില്ലാതെ പ്രവേശനം നടത്തിയിട്ട് ഗവൺമെന്റ് എന്ത് ചെയ്തു; നോക്കുകൂലി വാങ്ങാൻ നോക്കിയിരിക്കുകയാണോ എന്ന് ആരെങ്കിലും ആക്ഷേപിച്ചാൽ അതിന് കുറ്റം പറയാൻ കഴിയാത്ത അവസ്ഥയായി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഇല്ലാതെ എങ്ങനെ അലോട്ട്മെന്റ് കൊടുക്കുമെന്ന്; മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമില്ലാത്ത കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. സർക്കാർ തലത്തിൽ മെരിറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്കും സംവരണ തത്ത്വം പാലിച്ചുകൊണ്ട് അഡ്മിഷൻ കിട്ടേണ്ടുന്ന കുട്ടികൾക്കും ന്യായമായി കിട്ടേണ്ട അവസരങ്ങൾ നിഷേധിക്കപ്പെടുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം കിട്ടട്ടെയെന്ന് പറഞ്ഞ് ഗവൺമെന്റ് ഇവിടെ നിസ്സംഗരായിരിക്കുകയും മാനേജ്മെന്റ് കോഴ വാങ്ങിച്ചുകൊണ്ട് അവിടെ അഡ്മിഷൻ കൊടുത്തുകൊണ്ടിരിക്കുകയുമാണ്. കഴിഞ്ഞ വർഷം രണ്ട് കോളേജ് എന്നുള്ളത് ഇപ്രാവശ്യം 12 ആയി ഉയരുമ്പോൾ നിഷേധിക്കപ്പെടുന്ന മെരിറ്റ് സീറ്റുകൾ 675 ആണെന്ന വസ്തുതയാണ് ഇവിടെ പ്രസക്തമായി നിൽക്കുന്നത്. ഇവിടെ പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട 67 കുട്ടികൾ....... ഈ സംസ്ഥാനത്ത് ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ പൊതു സമൂഹം സ്വീകരിച്ച തത്ത്വം എന്താണ്? രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്നാണ്. നമുക്ക് അവിടെ എത്തണ്ടേ;

അതിനുള്ള പരിശ്രമങ്ങൾ തുടരണ്ടേ; ഇവിടെ അനങ്ങാപ്പാറ നയം സ്വീകരിച്ചു കൊണ്ട് എന്തും ഈ മാനേജ്മെന്റുകൾ ചെയ്തുകൊള്ളട്ടെ എന്ന തരത്തിൽ നിസ്സംഗത പുലർത്തുന്ന, നിഷ്ക്രിയത്വം കാട്ടുന്ന സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ ഗൾഫ് മലയാളികളുടെ ഇടയിൽ നിന്നുകൂടെയുള്ള ഒരു എം.എൽ.എ. ആണ്. ആയിരക്കണക്കിന് മലയാളി വിദ്യാർത്ഥികൾ ഗൾഫ് രാജ്യങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും ഈ നാട്ടിൽ വന്ന് പഠിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും എന്നും ഇത് അങ്ങോട്ടും ഇങ്ങോട്ടും ചർച്ച ചെയ്ത് വഴക്കുണ്ടാക്കി, ബഹളംവച്ച്......... നല്ല രീതിയൽ ഈ സംസ്ഥാനത്ത് വളരേണ്ട ഒരു കാര്യമായിരുന്നു സ്വാശ്രയ കോളേജ്. എങ്കിൽ ലക്ഷക്കണക്കിന് കോടി രൂപ ഈ സംസ്ഥാനത്ത് നിന്നും കർണാടകത്തിലേക്കും തമിഴ്നാട്ടിലേക്കുമൊക്കെ ഒഴുകിപ്പോകുന്നത് തടയാൻ നമുക്ക് കഴിയുമായിരുന്നു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള ശ്രീ. എ. കെ. ആന്റണിയുടെ കാലത്തെ പ്രഖ്യാപനം വളരെ നല്ല കാര്യമാണ്. എന്തുകൊണ്ടാണ് നമുക്ക് ഇത് നടപ്പിൽവരുത്തിക്കൂടാത്തത്; പുതിയ കോളേജ് അനുവദിക്കാൻ മടിക്കുന്നതെന്തിനാണ്; അതുകൊണ്ട് ഒരു സർവ്വകക്ഷിയോഗം വിളിച്ച് ഇതിനകത്തെ ആശയക്കുഴപ്പങ്ങളൊക്കെ മാറ്റി, നമ്മുടെ കുഞ്ഞുങ്ങൾ അപ്പനും

അമ്മയും വേലചെയ്തുണ്ടാക്കുന്ന കാശ് കർണാടകക്കാർക്ക് കൊടുക്കാതെ ഇതൊക്കെ ഇവിടെ ഇതിന്....... 50 ശതമാനം മെരിറ്റിൽ കൊടുക്കണം അതിന കത്ത് ആരെയും കൈകടത്താൻ അനുവദിക്കരുത്. ബാക്കി 50 ശതമാന ത്തിന് അതിന്റേതായ നിയമം ഉണ്ടാക്കി അതിന് വലിയ റെസ്ട്രിക്ഷൻ, ഒന്നേ കാലേ വാങ്ങിക്കാവൂ, ഒന്നരയേ വാങ്ങിക്കാവൂ എന്ന് എന്താണിത്ര നിർബന്ധം; എനിക്ക് അസുഖം വന്നപ്പോൾ ഒരു പെറ്റ് സ്കാൻ എടുക്കാൻ കേരളത്തിൽ എങ്ങും സൗകര്യം ഇല്ലായിരുന്നു. മാതാ അമൃതാനന്ദമയി ഹോസ്പിറ്റലിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ അമല ഹോസ്പി റ്റലിലും വരുത്തിയിട്ടുണ്ട്. കേരളത്തിലെ ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിൽ പെറ്റ് സ്കാൻ ഉണ്ടോ; കാരണം അതിന്റെ വില 25 കോടി രൂപ യാണ്. ഇത്തരത്തിലുള്ള നല്ല എക്വുപ്മെന്റ്സുകൾ വാങ്ങി നല്ല നിലയിൽ ഈ സ്വാശ്രയ കോളേജുകൾ നടത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. 50 ശതമാനം മെരിറ്റ് സീറ്റിൽ അഡ്മിഷൻ കൊടുത്തുകഴിഞ്ഞാൽ ബാക്കി സീറ്റിന് നമുക്കെല്ലാവർക്കുംകൂടി അതിനൊരു നടപടിക്രമം ഉണ്ടാക്കിക്കഴി ഞ്ഞാൽ എന്തിനാണ് ഒന്നേകാലേ വാങ്ങിക്കാവു........... പിന്നെ എന്തെടു ത്താണ് നടത്താൻ പോകുന്നത്. ലോകത്തിലെ പല ഭൂഖണ്ഡങ്ങളിൽ നിന്ന് ഇതൊക്കെ വരുത്തിവച്ച് നല്ല സ്റ്റാൻഡേർഡിൽ നടത്താമെങ്കിൽ മെഡിക്കൽ ടൂറിസംതന്നെ ഇവിടെ തഴച്ച് വളരും. ലേക്ഷോർ ഹോസ്പിറ്റലിൽ ഒരു മുറി കിട്ടാനില്ലാത്തത്ര തിരക്കാണ്. പകുതിയും അറബികളാണ് ചികിത്സയ്ക്ക് വരുന്നത്. ഇതൊക്കെ നല്ല സ്റ്റാൻഡേർഡായി, വൃത്തിയായി കോളേജുകൾ നടത്താൻ ഗവൺമെന്റിലൂടെ ശ്രമിച്ച സ്വാശ്രയ മെഡിക്കൽ കോളേജുകളെ വലിയ പിശാചുക്കളെ കാണുന്നതുപോലെ കാണാതെ നിയന്ത്രിച്ച് അവരുടെ

സ്റ്റാൻഡേർഡ് വർദ്ധിപ്പിച്ച് നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയങ്ങളൊക്കെ പറയണമെങ്കിൽ ഇത് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗവും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)